(*d*) and (*e*) The policy of the Government is to consider the cases of those who are unrepresented or least represented. In making appointments one of the considerations was also the war service of the candidates.

(*f*) Yes.

RICE MILLS IN CHITTUR TALUK—COMPLAINTS REGARDING

171. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവൺമെണ്ടു് ദയം മറുപടി പറയുമൊ.—

(എ) ചിറ്റൂർ താലൂക്കിൽപ്പെട്ട പട്ടഞ്ചേരി, തത്തമംഗലം എന്നീ സ്ഥലങ്ങളിലുള്ള റൈസ്മില്ലുകളെപ്പറ്റി പൊതുജനങ്ങളിൽനിന്നും ഗവൺമെണ്ടിലേക്ക വല്ല ആക്ഷേപവും കിട്ടിയിട്ടുണ്ടൊ ;

(ബി) ഉണ്ടെങ്കിൽ അതിനെപ്പറ്റി വല്ല അന്വേഷണവും നടത്തിയിട്ടുണ്ടൊ ;

(സി) പട്ടഞ്ചേരി ബാലകൃഷ്ണമ്മനാടിയാരുടെ റൈസ്മിൽ തൽക്കാലത്തേക്കൊ മറ്റൊ ലൈസൻസു കാൻസൽ ചെയ്തിട്ടുണ്ടൊ ; അതിനുള്ള കാരണം പറയുവാൻ ദയവുണ്ടാകുമൊ ?

മിസ്റ്റർ പി. ഗോവിന്ദമോൻ:

(എ) ഉവ്വ്. മില്ലുകളിൽനിന്നും കൊടുക്കുന്നതായ തവിടിൽ ഉമി അധികം ഉണ്ടെന്നുള്ളതിനെപ്പറ്റിയായിരുന്ന ആക്ഷേപം.

(ബി) ഉണ്ടു്. എന്നാൽ തവിടിൽ ഉമി കൂടുതൽ ഉണ്ടെന്ന സംശയിക്കപ്പെടുന്ന മില്ലുകളെ താക്കീതു ചെയ്തിട്ടുണ്ടു്.

(സി) ഇല്ല. പക്ഷെ തവിടിൽ ഉമിക്കൂടുതൽ ഉണ്ടെന്നുള്ള കാരണത്താലും മിൽഉടമസ്ഥൻ ഫീൽഡാഫീസറോടു ധിക്കാരമായി പെരുമാറി എന്ന കാരണത്താലും കുറച്ചു കാലത്തേക്ക ടമില്ലിലേക്ക നെല്ല കൊടുക്കൽ നിത്തൽ ചെയ്തു. മേലിൽ ജാഗ്രതയായി ഇരുന്നുകൊള്ളാമെന്ന മിൽഉടമസ്ഥൻ നൽകിയ ഉറപ്പിനെ പരിഗണിച്ചു വീണ്ടും നെല്ല കൊടുത്തുതുടങ്ങിയിട്ടുണ്ടു്.

PROHIBITION—INTRODUCTION OF

172. മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയം മറുപടി പറയുമോ.—

(എ) കൊച്ചിയിൽ മദ്യനിരോധനം നടപ്പാക്കിയാൽ താലൂക്ക തിരിച്ചു നേരിടുന്ന റവന്യു നഷ്ടം എത്രയായിരിക്കും ;

(ബി) ഈ താലൂക്കുകളിൽ ഏറ്റവും കുറഞ്ഞ നഷ്ടം നേരിടുന്നതു് ഏതു താലൂക്കിലായിരിക്കും ?

റാവു ബഹദൂർ ടി. കെ. നായർ:

(എ) അനുബന്ധം നോക്കുക. *(Appendix I).*

(ബി) കൊടുങ്ങല്ലൂർ.

CONCESSIONS TO KOLE CULTIVATORS

173. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീതു്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

(എ) ൧൯൫൦-ൽ കോൾകൃഷിക്കാക്കു് ഏക്കുക്കു് ൫ ഉറുപ്പികവീതം സഹായധനം ഗവൺമെണ്ടു കൊടുത്തതിന്റെ ഉദ്ദേശം എന്താണു് ;

(ബി) ൧൯൫൬-ൽ ഈ സഹായധനം കൊടുക്കുന്നതിനു് ആലോചിക്കുന്നുണ്ടൊ ;

(സി) ഇല്ലെങ്കിൽ അതിനു കാരണം എന്താണു് ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) കാലാവസ്ഥയ്ക്കനുസരിച്ചു കൃഷി പണിയുന്നതിനും പണിയാതിരിക്കുന്നതിനും ഉള്ള സ്വാതന്ത്ര്യം ൧൯൫൬-ലെ XIX-ാംനമ്പ്രു് വിളംബരപ്രകാരം കോൾകൃഷിക്കാക്കു് നഷ്ടപ്പെട്ടുപോയതിനാലും കോളിൽ വെള്ളം വറ്റിക്കുന്നതിനും മാട്ടം മാട്ടുന്നതിനും മറ്റും ഉള്ള ചിലവു വർദ്ധിച്ചതിനാലും ഒരു ഏക്കുക്കു് ൫ ക. വീതം ഗവൺമെണ്ടിൽനിന്നു സഹായംചെയ്തുകൊടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) ഇതു് എല്ലാകൊല്ലവും കൊടുക്കാവുള്ള ഒന്നല്ല. ഫ്ലഡ്-ലെ പ്രത്യേക പരിതഃസ്ഥിതികളെക്കൊണ്ടാണു് ഒരു സഹായധനം കൊടുക്കുവാൻ തീച്ചയാക്കിയതു്.

REMOVAL OF TRICOLOUR FLAG—INSTRUCTION REGARDING

174. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂർ മുനിസിപ്പൽ ആപ്പീസ്സു് ടവറിന്റെ മുകളിൽനിന്നു ത്രിവർണ്ണ പതാക മാറ്റണമെന്നു ഗവണ്മെണ്ടു് വല്ല നിർദ്ദേശവും ടി മുനിസിപ്പാലിറ്റിക്കു് നൽകിയിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ അതിനു മുനിസിപ്പാലിറ്റി നൽകിയ മറുപടി എന്തു്?

റാവു സാഹിബു് കെ. അയ്യപ്പൻ:

(എ) ത്രിവർണ്ണ പതാക മാറ്റണമെന്നു ഗവണ്മെണ്ടു് നിർദ്ദേശിച്ചിട്ടില്ല. ത്രിവർണ്ണ പതാക സ്ഥാപിക്കണമെന്നുള്ള പ്രമേയത്തെപ്പറ്റി പുനരാലോചിക്കണമെന്നു ഗവണ്മെണ്ടു് നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു.

(ബി) കൌൺസിൽ അതിനെപ്പറ്റി പുനരാലോചിച്ചതിൽ അവരുടെ പഴയ പ്രമേയം മാറ്റുവാൻ നിവൃത്തിയില്ലെന്നാണു് തീരുമാനിച്ചതെന്നു ചെയർമാൻ മറുപടി അയച്ചിട്ടുണ്ടു്.

STUDENTS OF TRICHUR THIYYA HOSTEL—APPLICATION FOR UMBRELLAS

175. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ. –

(എ) തൃശ്ശിവപേരൂർ തീയ്യ ഹോസ്റ്റലിലെ വിദ്യാർത്ഥികൾ ഈ കഴിഞ്ഞ മിഥുനത്തിൽ സെൻറ്റ് തോമസ്സു് കോളേജ് പ്രിൻസിപ്പാളിന്റെ ശ്രദ്ധയിലേക്കുടി അവർക്കു് ശീലക്കുടക്കു് അപേക്ഷിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർക്കു് ആർക്കെങ്കിലും കുടക്കു് പെർമിറ്റു നൽകുകയുണ്ടായോ;

(സി) ഇല്ലെങ്കിൽ അതിനു കാരണം എന്തു്;

(ഡി) അപേക്ഷക്കു് മറുപടിയെങ്കിലും അയച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അങ്ങിനെയുള്ള പതിവില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉണ്ടു്.

(ബി) വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ വാർഡന്റെ പേരിൽ 7 (ഏഴതു്) കുടവാങ്ങുവാൻ പെർമിറ്റു് കൊടുത്തിട്ടുണ്ടു്.

(സി) & (ഡി) മൻഉത്തരംകൊണ്ടു് ഇവയ്ക്കു ഉത്തരം ആവശ്യമില്ല.

ANTHIKAD DISPENSARY—MATERNITY WARD—OPENING OF

176. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീതു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടു് മറുപടി പറയാമോ.—

(എ) അന്തിക്കാടു് ഡിസ്പെൻസറിയിൽ ഒരു മെറ്റേർണിറ്റി വാർഡിന്റെ അത്യാവശ്യകത ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെപ്പറ്റി എന്തു നടപടികൾ ആണു് എടുത്തിട്ടുള്ളതു്?

റാവു ബഹദൂർ ടി. കെ. നായർ:

(എ) ഉവ്വു്.

(ബി) ഇപ്പോൾ പ്രത്യേക നടപടികൾ ഒന്നും എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly